(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആലപ്പുഴ ജില്ലയിൽ അനുവദിച്ച നബാർഡ് സഹായപദ്ധതികളുടെ വിശദാംശം നൽകുമോ ;

(ഡി) നബാർഡ് സഹായ പദ്ധതികളിൽ ആലപ്പുഴ ജില്ലയിൽനിന്നും പരിഗണനയിലുള്ള പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) നബാർഡ് പ്രവൃത്തികളുടെ ഏകോപനവും മേൽനോട്ടവും നടത്തുന്നത് ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ എസ്.എൽ.ഇ.സി (State Level Empowered Committee) ആണ്. ധനകാര്യ വകുപ്പാണ് ഈ പദ്ധതിയുടെ നോഡൽ ഡിപ്പാർട്ടുമെന്റ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള നബാർഡ് വിഹിതം എസ്.എൽ.ഇ.സി. നിശ്ചയിച്ച് അറിയിക്കുന്ന മുറയ്ക്ക് പ്രോജക്ടുകളുടെ കരട് നിർദ്ദേശം ബന്ധപ്പെട്ട പഞ്ചായത്തിൽനിന്നും ഗ്രാമവികസന കമ്മീഷണർ വാങ്ങി സർക്കാരിന്റെ തത്വത്തിലുള്ള അനുമതിക്ക് നൽകുകയാണ് ചെയ്യുന്നത്. അത്തരത്തിൽ അംഗീകാരം കിട്ടുന്ന പ്രവൃത്തികളുടെ ഡീറ്റയിൽഡ് പ്രോജക്ട് റിപ്പോർട്ട് (DPR) വാങ്ങി നബാർഡിന്റെ അനുമതിക്ക് അയയ്ക്കുകയും അനുമതി ലഭിക്കുന്ന പ്രവൃത്തികൾക്ക് സർക്കാർ ഭരണാനുമതി നൽകുകയും ചെയ്യുന്നു. ഇത്തരം പ്രോജക്ടുകൾ നടത്തിപ്പിനായി മാർഗ്ഗനിർദ്ദേശത്തോടുകൂടി ബന്ധപ്പെട്ട പഞ്ചായത്തുകളെ ഏൽപ്പിക്കുകയാണ് ചെയ്യുന്നത്.

(ബി) കാർഷിക മേഖല, അംഗൻവാടി, കടിവെള്ള പദ്ധതി, ജലസേചനം, റൂറൽ ബ്രിഡ്ജ്, ഗ്രാമീണ വിദ്യാഭ്യാസ മേഖല, ഗ്രാമീണ ആരോഗ്യമേഖല, റൂറൽ റോഡ്, വെയർഹൗസ്, ഡ്രെയിനേജ് ആന്റ് ഫ്ളെഡ് പ്രൊട്ടക്ഷൻ, മാർക്കറ്റ് യാർഡ് എന്നിവയാണ് മേഖലകൾ.

(സി) അനുബന്ധം ആയി ചേർത്തിരിക്കുന്നു.*

(ഡി) നബാർഡ് സഹായ പദ്ധതികളിൽ ഉൾപ്പെടുത്തുന്നതിനായി ആലപ്പുഴ ജില്ലയിൽ നിന്നും പുതിയ പദ്ധതികൾ ഒന്നും പരിഗണനയിൽ ഇല്ല.

വൻകിട അടിസ്ഥാന സൗകര്യ പദ്ധതികൾ

22 (1390) ശ്രീ. പി. ശ്രീരാമകൃഷ്ണൻ :
ശ്രീ. ജെയിംസ് മാത്യു :
ശ്രീ. എ. പ്രദീപ് കുമാർ :
ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം പ്രഖ്യാപിച്ച വൻകിട അടിസ്ഥാന സൗകര്യ പദ്ധതികൾ ഏതൊക്കെയെന്ന് അറിയിക്കാമോ ;

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) അവ ഓരോന്നും ഇപ്പോൾ നടത്തിപ്പിന്റെ ഏതുഘട്ടത്തിലെത്തി നില്ക്കുന്നുവെന്നറിയിക്കാമോ ;

(സി) 2011-ലെ ബജറ്റിൽ പ്രഖ്യാപിച്ച അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ ഉൾപ്പെടെയുള്ളവയ്ക്ക് എന്തു തുകയാണ് ഇതുവരെ നീക്കിവച്ചിട്ടുള്ളത് ; അതിൽ എന്തു തുക ചെലവഴിക്കപ്പെട്ടു ;വിശദമായ കണക്ക് ലഭ്യമാക്കുമോ;

(ഡി) പ്രഖ്യാപിച്ച പല പദ്ധതികളും ആരംഭിക്കാൻ കഴിയാതിരുന്നതിനുള്ള കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ നല്കാമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരമേറ്റശേഷം പ്രഖ്യാപിച്ച വൻകിട അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ ചുവടെ ചേർക്കുന്നു :

1. കൊച്ചി മെട്രോ റെയിൽ പദ്ധതി
2. കണ്ണൂർ വിമാനത്താവളത്തിന്റെ അടിസ്ഥാന സൗകര്യ വികസനം
3. തിരുവനന്തപുരം/കോഴിക്കോട് മോണോ റെയിൽ/ലൈറ്റ് മെട്രോ പദ്ധതി
4. സബർബൻ റെയിൽ സർവ്വീസ്
5. മൊബിലിറ്റി ഹബ്ബുകൾ
6. ആലപ്പുഴയിലും കൊല്ലത്തും ബൈപ്പാസുകളുടെ നിർമ്മാണം
7. കൊച്ചി അന്താരാഷ്ട്ര വിമാനത്താവളം-ഓഹരി വിതരണം ചെയ്യൽ
8. വ്യവസായ വികസന മേഖല
9. നാഷണൽ ഇൻവെസ്റ്റ്മെന്റ് മാനുഫാക്ചറിംഗ് സോൺ
10. പെട്രോളിയം കെമിക്കൽ ആന്റ് പെട്രോ കെമിക്കൽ ഇൻവെസ്റ്റ്മെന്റ് റീജിയൺ (പി.സി.പി.ഐ.ആർ)

(ബി)

- കൊച്ചി മെട്രോയുടെ നിർമ്മാണ ആവശ്യങ്ങൾക്കുള്ള ഭൂമി ഏറ്റെടുക്കൽ പദ്ധതി 99% പൂർത്തിയാക്കികഴിഞ്ഞു.
- കണ്ണൂർ വിമാനത്താവളത്തിന്റെ റൺവേ, ടെർമിനൽ എന്നിവയുടെ നിർമ്മാണപ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

- കേരള മോണോ റെയിൽ കോർപ്പറേഷൻ ലിമിറ്റഡിന്റെ പത്താമത് ഡയറക്ടർ ബോർഡ് യോഗത്തിൽ തിരുവനന്തപുരത്തും കോഴിക്കോടും മോണോ റെയിൽ പദ്ധതിക്ക് പകരമായി ലൈറ്റ് മെട്രോ പദ്ധതിക്ക് അംഗീകാരമായിട്ടുണ്ട്.

- സബർബൻ റെയിൽ സർവ്വീസ് മുംബൈ റെയിൽ വികാസ് കോർപ്പറേഷൻ തയ്യാറാക്കിയ വിശദമായ പ്രോജക്ട് റിപ്പോർട്ടിന്റെ വിശദാംശങ്ങളും പ്രത്യേക ഉദ്ദേശ്യയാനം രൂപീകരിക്കുന്നതിനുള്ള MOU-ഉം കേന്ദ്ര ഗവൺമെന്റിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

- വൈറ്റില മൊബിലിറ്റി ഹബ്ബിന്റെ ഒന്നാംഘട്ട പ്രവർത്തനങ്ങൾ പൂർത്തിയായിക്കഴിഞ്ഞു. രണ്ടാം ഘട്ട പ്രവർത്തനങ്ങൾ പൊതു സ്വകാര്യ പങ്കാളിത്തത്തോടെ നടപ്പിലാക്കുന്നതിനുള്ള സാധ്യതകൾ പരിശോധിച്ചുവരുന്നു.

- കൊല്ലത്തും ആലപ്പുഴയിലും ബൈപ്പാസുകളുടെ നിർമ്മാണത്തിനായി ടെൻഡർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ പുരോഗമിക്കുന്നു. ഇതിന്റെ ചെലവ് കേന്ദ്ര സംസ്ഥാന ഗവൺമെന്റുകൾ സംയുക്തമായാണ് വഹിക്കുന്നത്.

- കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തിൽ അന്താരാഷ്ട്ര ടെർമിനൽ കെട്ടിടം പണിയുന്നതിന് നാമമാത്ര വിഹിതമായി 100 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

- വ്യവസായ വികസന മേഖലയ്ക്കുവേണ്ടി സ്ഥലം ഏറ്റെടുക്കുന്ന നടപടികൾ നടന്നുവരുന്നു.

- നിംസിന് കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിക്കാത്തതിനാൽ ആരംഭിക്കാൻ സാധിച്ചില്ല.

- പി.സി.പി.ഐ.ആർ.-ന് കേന്ദ്ര സർക്കാർ അനുമതി ലഭിക്കാത്തതിനാൽ പെട്രോ കെമിക്കൽ പാർക്ക്, കൊച്ചി എന്ന പേരിൽ സംസ്ഥാന പദ്ധതിയായി നടപ്പിലാക്കാൻ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(സി) അടിസ്ഥാന സൗകര്യ വികസന പദ്ധതികളുടെ നടത്തിപ്പിനായി ഓരോ വർഷത്തെയും ബഡ്ജറ്റിൽ നാമമാത്ര വിഹിതമായി ഒരു ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ടായിരുന്നു. അധിക തുക ആവശ്യമായി വരുന്ന വൻകിട പദ്ധതികൾക്ക് മേജർ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് പ്രോജക്ട് എന്ന ശീർഷക

ത്തിൽനിന്നും ആവശ്യാനുസരണം തുക വിനിയോഗിക്കാവുന്നതാണ്. അനുവദിച്ച തുകയും ചെലവഴിച്ച തുകയും സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു :

നം.	പദ്ധതി	അനുവദിച്ച തുക (ലക്ഷം)	ചെലവഴിച്ച തുക (ലക്ഷം)
1.	കണ്ണൂർ എയർപോർട്ട്	5000.00	4913.00
2.	മെട്രോ റെയിൽ കൊച്ചി	54901.00	56143.19
3.	മോണോ റെയിൽ	2800.00	2800.00
4.	സബർബൻ റെയിൽ സർവ്വീസ്	1013.35	1013.35

(ഡി) ഉണ്ട്, മേൽ പദ്ധതികളിൽ

- സബർബൻ റെയിൽ സർവ്വീസ്-കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭിച്ചതിനുശേഷം ആരംഭിക്കും.
- നിംസിന് കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിക്കാത്തതിനാൽ ആരംഭിക്കാൻ സാധിച്ചില്ല.
- പി.സി.പി.ഐ.ആർ.-ന് കേന്ദ്ര സർക്കാർ അനുമതി ലഭിക്കാത്തതിനാൽ പെട്രോ കെമിക്കൽ പാർക്ക്, കൊച്ചി എന്ന പേരിൽ സംസ്ഥാന പദ്ധതിയായി നടപ്പിലാക്കാൻ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

ബ്ലോക്ക് പഞ്ചായത്തുകളുടെ പുനഃക്രമീകരണം

23 (1391) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബ്ലോക്ക് പഞ്ചായത്തുകളെ നിയോജകമണ്ഡലാടിസ്ഥാനത്തിൽ പുനഃക്രമീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) ഇതു സംബന്ധിച്ച് പഠനം നടത്തുവാൻ ഏതെങ്കിലും സമിതിയെ നിയോഗിച്ചിട്ടുണ്ടോ ;

(സി) പ്രസ്തുത സമിതി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly